വയനാട് ജില്ലയിലെ ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനം

132 (198) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2007-ൽ വയനാട് ജില്ലയിൽ നിലവിലുണ്ടായിരുന്ന ക്ഷീര സഹകരണ സംഘങ്ങളുടെ താലൂക്കുതല വിശദാംശം ലഭ്യമാക്കുമോ ;

(ബി) 2010-ൽ വയനാട് ജില്ലയിൽ നിലവിലുള്ള ക്ഷീര സഹകരണ സംഘങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) വയനാട് ജില്ലയിലെ ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) വയനാട് ജില്ലയിലെ ക്ഷീര സഹകരണ സംഘങ്ങൾക്ക് കഴിഞ്ഞ നാലു വർഷങ്ങളിൽ ലഭ്യമാക്കിയ വായ്പാസഹായം എത്രയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) വയനാട് ജില്ലയിൽ 2007-ൽ നിലവിലുണ്ടായിരുന്ന ക്ഷീര സംഘങ്ങളുടെ വിശദാംശം അനുബന്ധം(1)-ൽ ചേർത്തിരിക്കുന്നു. 2007-ൽ വയനാട് ജില്ലയിൽ നിലവിലുണ്ടായിരുന്ന സംഘങ്ങൾ തന്നെയാണ് 2010-ലും നിലവിലുള്ളത്. പുതുതായി സംഘങ്ങളൊന്നുംതന്നെ രജിസ്റ്റർ ചെയ്തിട്ടില്ല.*

(സി) വയനാട് ജില്ലയിലെ ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് നടപ്പാക്കിയ പദ്ധതികൾ താഴെ പറയുന്നവയാണ്:

1. സംസ്ഥാന പദ്ധതികൾ :
   - (i) ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ.
   - (ii) തീറ്റപ്പുൽ കൃഷി വികസന പദ്ധതികൾ.
   - (iii) മിൽക്ക് ഷെഡ് വികസന പദ്ധതി.
   - (iv) കാലിത്തീറ്റ ധനസഹായ പദ്ധതി.
2. കേന്ദ്രാവിഷ്കൃത പദ്ധതികൾ :
   - (i) രാഷ്ട്രീയ കൃഷി വികാസ് യോജന.
   - (ii) രാഷ്ട്രീയ സം വികാസ് യോജന.
   - (iii) BRGF (പിന്നോക്ക ജില്ലകൾക്കുള്ള പ്രത്യേക ഗ്രാന്റ് പദ്ധതി).
   - (iv) IDDP (ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോഗ്രാം)

(ഡി) വയനാട് ജില്ലയിലെ ക്ഷീരസംഘങ്ങൾക്ക് കഴിഞ്ഞ 4 വർഷങ്ങളിൽ നൽകിയ വായ്പാ സഹായങ്ങൾ അനുബന്ധം(2)-ൽ ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly